## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2727 19.06.2014 -ലെ മറുപടിയ്ക്ക്.**

### ഹയർ സെക്കന്ററി അധ്യാപകരുടെ ജൂനിയർ-സീനിയർ തസ്തികകളുടെ ഏകീകരണം

**ചോദ്യം**

ശ്രീ. കെ. എൻ. എ. ഖാദർ

(എ) ഹയർ സെക്കന്ററി വിഭാഗത്തിൽ ഒരേ യോഗ്യതയുള്ള അധ്യാപകരെ സീനിയർ-ജൂനിയർ എന്നിങ്ങനെ തരം തിരിക്കുന്നതിന്റെ കാരണമെന്താണ്;

(ബി) അതുകാരണം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാരിന് സാമ്പത്തിക ബാധ്യത അധികമായി ഉണ്ടാകാത്തതിനാൽ 5 വർഷം ജോലി ചെയ്ത എല്ലാ ജൂനിയർ - സീനിയർ അധ്യാപകർക്കും ഗസറ്റഡ് പദവി നൽകി തുല്യ യോഗ്യതയുള്ള അധ്യാപകരെ തുല്യരായി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ജൂനിയർ എന്ന തരംതിരിവ് ഒഴിവാക്കുമോ ; ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ. പി. കെ. അബ്ദുറബ്ബ്.
(ഹ:വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരം ഹയർസെക്കന്ററി അദ്ധ്യാപകരെ ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ എന്നും സീനിയർ എന്നും തരം തിരിച്ചിട്ടുള്ളത് . ആഴ്ചയിൽ 14 പീരിയഡുകൾ വരെ ജോലിഭാരമുള്ള അദ്ധ്യാപകരെ എച്ച്എസ്എസ് റ്റി (ജൂനിയർ) ആയും 15 മുതൽ 25 പീരിയഡുകൾ വരെ ജോലിഭാരമുള്ള അദ്ധ്യാപകരെ എച്ച്എസ്എസ് റ്റി (സീനിയർ) ആയും കണക്കാക്കുന്നു. ഈ രണ്ടു വിഭാഗത്തിനും വ്യത്യസ്ത ശമ്പള സ്കെയിലുകളുമാണ് നിലവിലുള്ളത്.

(ബി), (സി) & (ഡി) പ്രൊഫ. ലബ്ബാകമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു.

Udayakumar

സെക്ഷൻ ഓഫീസർ